# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 876** **07.02.2013-ൽ മറുപടിക്ക്**

**ജപ്പാൻകുടിവെള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ;<br>(ബി) ഇത് എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ ? | (എ) & (ബി) കേരള ജല അതോറിറ്റി ജപ്പാൻ ധനസഹായത്തോടു കൂടി നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിൽ 5 ശുദ്ധ ജലവിതരണ പദ്ധതികൾ ഉൾ - പ്പെടുന്നു. ഇവ തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം പദ്ധതികളാണ്. ഇതിൽ തിരുവനന്ത- പുരം പദ്ധതിയുടെ വിതരണ ശൃംഖല ഒഴികെയുള്ള പണികൾ എല്ലാം പൂർത്തിയായി. വിതരണ ശൃംഖലയിൽ 394 കി. മീ. പൈപ്പ്ലൈൻ ഉള്ളതിൽ 261 കി.മീ. സ്ഥാപിച്ചു. 133 കി. മീ. വരുന്ന ബാക്കി പണികൾക്ക് പുതിയ കരാറിൽ ഏർപ്പെടുകയും പണികൾ പുരോഗമി ക്കുകയും ചെയ്യുന്നു. പദ്ധതി 18.5.2010 ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. പൂർണ്ണതോതിലുള്ള കമ്മീഷനിംഗ് 2013 അവസാനത്തോടെ സാധ്യമാകും. |

മീനാട് പദ്ധതി 24.02.2011-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. വിതരണ ശൃംഖലയുടെ പണികളാണ് ബാക്കി ഉണ്ടായിരുന്നത്. അതിനുള്ള പുതിയ കരാർ 18.06.2012-ൽ നൽകി. പൂർണ്ണമായ കമ്മീഷനിംഗ് 31.12.2013 ൽ പ്രതീക്ഷിക്കുന്നു.

ചേർത്തല പദ്ധതി 03.01.2012-ൽ പൂർണ്ണമായി കമ്മീഷൻ ചെയ്തു. ഇപ്പോൾ ഗാർഹിക കണക്ഷനുകൾ നൽകി വരുന്നു.

കോഴിക്കോട് പദ്ധതി മുൻനിശ്ചയിച്ച പ്രകാരം 31.12.2013-ൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പെരുവണ്ണാമൂഴി റിസർ വോയറിൽ സ്ഥാപിക്കേണ്ട ഇൻ ടേക്ക് വെൽ പാറ പൊട്ടിക്കൽ ആവശ്യമില്ലാത്ത സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കേണ്ടി വന്നതാണ് പദ്ധതി പൂർത്തിയാക്കുന്നതിൽ വന്ന കാലതാമസത്തിനുള്ള പ്രധാന കാരണം. വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് നൽകിയിരുന്ന ആദ്യ കരാർ റദ്ദാക്കി, രണ്ടു പുതിയ കരാറുകളിലായി പണികൾ പുരോഗമിക്കുന്നു.

പട്ടുവം പദ്ധതിയുടെ വിതരണ ശൃംഖല ഒഴികെയുള്ള മറ്റു പണികളെല്ലാം പൂർത്തിയായി. വിതരണ ശൃംഖലയ്ക്ക് മൊത്തം 623 കിലോ മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കണം. ഇതിൽ 171 കി. മീ. പൈപ്പ് ലൈൻ ആദ്യകരാറുകാരൻ സ്ഥാപിച്ചു. ബാക്കി പണികൾ മൂന്നു

പുതിയ കരാറുകളിലായി നടന്നുവരുന്നു. ഇപ്പോൾ ആകെ 434 കിലോ മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു.

പട്ടുവം പദ്ധതി 2013 മാർച്ചിൽ ഭാഗികമായും 2013 അവസാനത്തോടെ പൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പരിയാരം, കടന്നപ്പള്ളി, പാണപ്പുഴ, കല്യാശ്ശേരി, കണ്ണപുരം, ചെറുകുന്ന് എന്നീ പഞ്ചായത്തുകളിൽ പൂർണ്ണമായും, തളിപ്പറമ്പ് മുനിസിപ്പാലിറ്റി, ഏഴോം, പട്ടുവം, കുവേരി, കുറ്റിയേരി, കുറുമാത്തൂർ, പാപ്പിനിശ്ശേരി, മാട്ടൂൽ എന്നീ പ്രദേശങ്ങളിൽ ഭാഗികമായും 2013 മാർച്ചിൽ കുടിവെള്ള വിതരണം ആരംഭിക്കുവാൻ സാധിക്കും.

സെക്ഷൻ ഓഫീസർ